# അതിഥികൾ വരുന്നു നിങ്ങൾ ഒഴിയണം

■ **വി.വി.വിജു**

**കൂ**ടുതൽ പണം തരുന്ന എന്തിനും പ്രത്യേക ഇടവും പരിഗണനയും നല്ലുന്നരീതി നാട്ടിലും പ്രബലമാകുകയാണ്. വ്യവസായങ്ങൾക്ക് പ്രത്യേക സാമ്പത്തിക മേഖലകൾ (സെസ്), ഐ.ടി.ക്ക് സൈബർ സിറ്റികൾ, ആനന്ദകേളികൾക്ക് അമ്യൂസ്മെൻറ്പാർക്കുകൾ അങ്ങനെ..... ടൂറിസത്തിന് ഇത് എസ്.ടി.ഇസഡാണ്. പ്രത്യേക വിനോദസഞ്ചാരമേഖലകൾ.

2000–3000 വരെ ഹോട്ടൽ മുറികളും അവിടെയെത്തുന്നവർക്ക് എല്ലാവിധ അനുബന്ധ സൗകര്യങ്ങളുമുള്ള സമ്പൂർണനഗരം. അതാണ് എസ്.ടി. ഇസഡ്. 2005 ലെ കേരള ടൂറിസം (കൺസർവേഷൻ ആൻഡ് പ്രിസർവേഷൻ ഓഫ് ഏരിയാസ്) ആക്ട് ഇതുമായി ബന്ധപ്പെട്ടതാണ്. പ്രാദേശിക ഭരണകൂടങ്ങളല്ല, സർക്കാർ നിശ്ചയിക്കുന്ന പ്രത്യേക കമ്മിറ്റികളാകും ഇവയെ നിയന്ത്രിക്കുക.

''സഞ്ചാരികൾ കൂട്ടമായെത്തുന്ന കോവളം പോലുള്ള മാസ് അല്ലെങ്കിൽ ചാർട്ടേഡ് കേന്ദ്രങ്ങളെ ഞങ്ങൾ അടുത്ത കാലത്തായി അധികം ഉയർത്തിക്കാട്ടുന്നില്ല. ഇവർ വരുമ്പോൾ സാംസ്കാരികമായ പല പ്രശ്നങ്ങളും ഉണ്ടാകുന്നു. ഉയർന്ന വരുമാനമുള്ള ഹൈ–എൻഡ് ടൂറിസ്റ്റുകളെയാണ് ഇപ്പോൾ ഞങ്ങൾ ലക്ഷ്യമിടുന്നത്'' –ടൂറിസം ഡയറക്ടർ എം. ശിവശങ്കർ പറയുന്നു.

അതിസമ്പന്നരെ ലക്ഷ്യമിടുന്ന വൻകിട റിസോർട്ടുകളാണ് ഈ രീതിയിലുള്ള ടൂറിസത്തിന്റെ മുഖമുദ്ര. കാസർകോട് ജില്ലയിലെ ബേക്കൽ ഇതിന്റെ ഉദാഹരണമാണ്. 1992ൽ ആണ് കേന്ദ്ര സർക്കാർ 'സ്പെഷൽ ടൂറിസം ഏരിയ'യായി ഇതിനെ പ്രഖ്യാപിച്ചത്. തുടർന്ന് 1995ൽ സംസ്ഥാന സർക്കാർ ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ (ബി.ആർ.ഡി.സി.) രൂപവത്കരിച്ചു. ഉദുമ, അജാനൂർ, പള്ളിക്കര, ചെമ്മനാട് പഞ്ചായത്തുകളാണ് പദ്ധതി മേഖല. ഇവിടെ ആറ് റിസോർട്ടുകൾക്കായി 250 ഏക്കർ ബി.ആർ.ഡി.സി. യാണ് ഏറ്റെടുത്ത് സ്വകാര്യകമ്പനികൾക്ക് പാട്ടത്തിന് നല്ലിയത്. ഇവ പൂർത്തിയാകുമ്പോൾ താമസത്തിനുള്ള 750 യൂണിറ്റുകൾ ഇവിടെ ഉണ്ടാകും. ത്രീസ്റ്റാറും അതിനു മുകളിലും മാത്രം സൗകര്യമുള്ളവയാണ് ഇവ. തേജസ്വിനിപ്പുഴയിൽ ഹൗസ് ബോട്ട് സർവീസുകൾ, അക്വാപാർക്ക്, വഴിയോര വിശ്രമ കേന്ദ്രങ്ങൾ എന്നിവയും പദ്ധതിയിലുണ്ട്. 36 കുടുംബങ്ങളെ ബി.ആർ.ഡി.സി. തന്നെ പുനരധിവസിപ്പിച്ചിട്ടുണ്ട്.

എന്നാൽ ഇതോടെ ഇവിടെ റിയൽ എസ്റ്റേറ്റ് ലോബി സജീവമായി. സർക്കാർ നല്ലിയതിനു പുറമെ സ്വന്തം നിലയിൽത്തന്നെ തൊട്ടടുത്ത ഭൂമി റിസോർട്ടുടമകൾ വാങ്ങിക്കൂട്ടുകയാണ്.

ഉദുമ കാപ്പിലിൽ ഖന്ന ഗ്രൂപ്പ് നിർമിക്കുന്ന റിസോർട്ടിന് സമീപത്തായി ആറേക്കർ ഉടമകൾ വാങ്ങിക്കഴിഞ്ഞു. ബി.ആർ.ഡി.സി. 19,000 രൂപയ്ക്കാണ് ഭൂമി ഏറ്റെടുത്തതെങ്കിൽ 1.5–1.75 ലക്ഷംരൂപയാണ് റിസോർട്ടുകാർ നൽകുന്നത്. അടുത്തിടെ റോഡ് വികസനത്തിനായി രണ്ടുസെൻറ് ഏറ്റെടുത്തപ്പോൾ 38,000 രൂപയാണ് കോർപ്പറേഷൻ നല്ലിയത്.

''കമ്പനി അധികൃതർ നേരിട്ടുതന്നെയാണ് കച്ചവടം. ബി.ആർ.ഡി.സി. ജീവനക്കാരും ഇടനിലക്കാരായി വരാറുണ്ട്'' –സമീപപ്രദേശത്തെ സ്ഥലവാസികളിലൊരാൾ പറയുന്നു.

കുടിവെള്ളത്തിന്റെയും മാലിന്യത്തിന്റെയും പ്രശ്നമാണ് മറ്റൊന്ന്. കുടിവെള്ളത്തിനായി കരിച്ചേരിയിൽ 15 കോടിചെലവിട്ട്, ദിവസം 70 ലക്ഷം ലിറ്റർവെള്ളം ശുദ്ധീകരിക്കുന്ന പ്ലാൻറ് സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 30 ലക്ഷം ലിറ്റർ റിസോർട്ടുകൾക്കും 40 ലക്ഷംലിറ്റർ നാട്ടുകാർക്കും വിതരണം ചെയ്യുമെന്നാണ് നേരത്തേ പറഞ്ഞത്.

എന്നാൽ 2004–ൽ പ്രവർത്തനം തുടങ്ങിയ പദ്ധതിയിൽ നിന്ന് അഞ്ചുവർഷം കഴിഞ്ഞിട്ടും ഒരു തുള്ളിപോലും നാട്ടുകാർക്ക് കിട്ടിയിട്ടില്ല. പൊതുടാപ്പുകൾ സ്ഥാപിക്കുമെന്നും പലയിടങ്ങളിലായി 10 ടാങ്കുകൾ സ്ഥാപിക്കുമെന്നും പറഞ്ഞെങ്കിലും ഒന്നും യാഥാർഥ്യമായില്ല.

**തീരങ്ങളിൽ ഭൂമിവിറ്റ് രക്ഷപ്പെടുന്നവരുടെ എണ്ണം കൂടിയതോടെ മറ്റിടങ്ങളിലും ഭൂമിവില ഉയർന്നു. ഇതോടെ വിറ്റുപോകുന്നവർക്ക് ഭൂമി വാങ്ങലും ബുദ്ധിമുട്ടായി. ഭൂമി വാങ്ങുന്നവരിൽ സ്വദേശികൾ മാത്രമല്ല, വിദേശികളുമുണ്ട്.**



**ദേശാടനത്തിന്റെ തീരക്കാഴ്ചകൾ-2**

> **“ കടപ്പുറങ്ങളിൽ വംശീയ കുടിയൊഴിപ്പിക്കലാണ് നടക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക പരാധീനതകളുണ്ട്. അത് മുതലെടുത്താണ് ഇവർ കടന്നുവരുന്നത്. ആദിവാസിഭൂമി വാങ്ങാനോ വിൽക്കാനോ പാടില്ലെന്നു നിയമം കൊണ്ടുവന്നതുപോലെ തീരമേഖലയിലും നിയമം കൊണ്ടുവരണം''- മത്സ്യത്തൊഴിലാളികൾക്കായി പ്രവർത്തിക്കുന്ന ആലപ്പുഴ കൃപാസനം ഡയറക്ടർ ഫാ. വി.പി. ജോസഫ് പറയുന്നു**

''പദ്ധതി ജലഅതോറിറ്റിക്ക് കൈമാറുന്നതോടെ നാട്ടുകാർക്കുകൂടി പ്രയോജനം ലഭിക്കുമെന്നാണ്'' ബി.ആർ.ഡി.സി. എം.ഡി. ഷാജി മാധവൻ പറയുന്നത്. ഏപ്രിൽ 17ന് പദ്ധതി മന്ത്രി കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. 500 പൊതു ടാപ്പുകൾ സ്ഥാപിക്കുമെന്ന് തന്നെയാണ് അപ്പോഴും മന്ത്രി പറഞ്ഞത്. എന്നാൽ പദ്ധതി ജലഅതോറിറ്റി ഏറ്റെടു ക്കുന്നതോടെ ബി.ആർ.ഡി.സി.ഈ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിവാകും.

പൊതുവെ ഉപ്പുവെള്ളവും കുടിവെള്ളക്ഷാമവും കൊണ്ട് നട്ടംതിരിയുന്ന പ്രദേശങ്ങളാണ് തീരദേശമേഖലയിലെ നാലുപഞ്ചായത്തുകളും.

റിസോർട്ടുകൾ വ്യാപകമായതോടെ കുടിവെള്ളക്ഷാമം രൂക്ഷമാകുന്നതാണ് മാരാരിക്കുളത്തെ കാഴ്ച.

'പൊതുവെ വെള്ളത്തിന് ക്ഷാമമില്ലാത്ത പ്രദേശമാണ് ഇവിടെ. എന്നാൽ അടുത്ത കാലത്തായി കുഴൽക്കിണറുകൾ വറ്റിവരണ്ടു. റിസോർട്ടുകളുടെ അമിത ജലചൂഷണമാണ് കാരണം–മാരാരിക്കുളം സ്വദേശിയായ രാജു എറശ്ശേരിൽ പറയുന്നു.

പത്തു റിസോർട്ടുകളാണ് ഇവിടെ പ്രവർത്തിക്കുന്നത്. ബേക്കലിൽ സർക്കാർ മുൻകൈയെടുത്ത്, നഷ്ടപ്പെടുന്നവർക്ക് പകരം ഭൂമി നല്ലിയെങ്കിൽ മാരാരിക്കുളത്ത് പണം കൊടുത്ത് ഭൂമി വാങ്ങൽ മാത്രമാണ് നടക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ വീടുകൾ റിസോർട്ടുകൾ സ്വന്തമാക്കുന്നു. പട്ടയം ഉള്ളവയും ഇല്ലാത്തവയും വാങ്ങാൻ ആളുണ്ട്. റിസോർട്ടുകൾക്കായി 230 പേരാണ് വീടുവിറ്റ് പോയത്. ഇവരുടെ വീടുകളാണ് റിസോർട്ടുകൾ കോട്ടേജുകളായി രൂപാന്തരപ്പെടുന്നത്.

ഇവിടെ 4000 ഏക്കർ ഭൂമി ഇപ്പോൾ ടൂറിസം ലോബിയുടെ കൈയിലാണ്.

റിസോർട്ടുകൾ വ്യാപകമായത് മൂന്നു രീതിയിലാണ് മത്സ്യത്തൊഴിലാളികളെ ബാധിച്ചത്. 1) റിസോർട്ടിനായി സ്ഥലം കെട്ടിത്തിരിക്കുന്നതോടെ തൊഴിലാളികൾക്ക് തീരത്തേക്കുള്ള വഴി ഇല്ലാതാകും.

2) മത്സ്യത്തൊഴിലാളികൾക്ക് വള്ളം അടുപ്പിക്കാനോ വലവെക്കാനോ കഴിയില്ല. ടൂറിസ്റ്റുകൾ വിശ്രമിക്കുകയും കുളിക്കുകയും ചെയ്യുന്ന ഈസ്ഥലങ്ങളിൽ അതിക്രമിച്ചുകടക്കുന്നത് തടയാൻ പലയിടത്തും സെക്യൂരിറ്റി ഗാർഡുകളുണ്ട്.

3) മുമ്പ് അധികംവരുന്ന മീനുകൾ കടപ്പുറത്തിട്ട് ഉണക്കി സൂക്ഷിക്കുകയാണ് പതിവ്. ഇതിനും ഇപ്പോൾ ഇടമില്ലാതായി.

തീരങ്ങളിൽ ഭൂമിവിറ്റ് രക്ഷപ്പെടുന്നവരുടെ എണ്ണം കൂടിയതോടെ മറ്റിടങ്ങളിലും ഭൂമിവില ഉയർന്നു. ഇതോടെ വിറ്റുപോകുന്നവർക്ക് ഭൂമിവാങ്ങലും ബുദ്ധിമുട്ടായി. ഭൂമി വാങ്ങുന്നവരിൽ സ്വദേശികൾ മാത്രമല്ല, വിദേശികളുമുണ്ട്. മാരാരിക്കുളം കിഴക്ക് ലണ്ടൻ സ്വദേശികൾക്ക് സ്ഥലമുണ്ട്. മാരാരിക്കുളത്തെ സിംഫണി റിസോർട്ട് അറിയപ്പെടുന്നതുതന്നെ ബെൽജിയം സ്വദേശിയുടെ പേരിലാണ്.

കച്ചവടത്തോടൊപ്പം ഭൂമി കൈയേറ്റവുമുണ്ട് ഇവിടെ. 2007–ൽ മൂന്നാർ കൈയേറ്റം ഒഴിപ്പിക്കലിന്റെ ഭാഗമായി പൊള്ളേത്തയിലെ ഫിഷർമെൻ വില്ലേജ് റിസോർട്ടിൽ ഒമ്പതുവീടുകൾ സർക്കാർ ഭൂമിയിലാണെന്നു കണ്ടെത്തിയിരുന്നു. മാരാരിബീച്ചിൽ 3.46 ഏക്കർ മുമ്പ് സർക്കാർ ഏറ്റെടുത്തിരുന്നു.

വേലിയേറ്റരേഖയിൽനിന്ന് 200 മുതൽ 500 മീറ്റർവരെയുള്ള പ്രദേശത്ത് ആവശ്യമെങ്കിൽ ടൂറിസം പദ്ധതികൾക്ക് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകാമെന്ന തീരദേശ നിയന്ത്രണനിയമത്തിലെ ഭേദഗതിയാണ് റിസോർട്ടുകൾക്ക് അനുകൂലമാകുന്നത്. സംസ്ഥാനത്തെ തീരദേശനിയമലംഘനത്തിൽ 70 ശതമാനവും നടന്നത് ടൂറിസം പദ്ധതികൾക്കുവേണ്ടിയാണെന്നതാണ് ശ്രദ്ധേയം.

*(നാളെ: ഹൗസ്ബോട്ടുകൾ എന്ന മാലിന്യകേന്ദ്രം)*